**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 161** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഹൃദ്യം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യമേഖലയിൽ സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന ഹൃദ്യം പദ്ധതി എന്താണെന്നും എന്നു മുതലാണ് ഈ പദ്ധതി നടപ്പിലാക്കിയതെന്നും വിശദമാക്കാമോ; | (എ) | ജന്മനാ ഹൃദ്രോഗം ഉള്ള 18 വയസ്സിന് താഴെയുള്ള കുട്ടികൾക്കായി കേരള സർക്കാർ 2017-ൽ വിഭാവനം ചെയ്ത പദ്ധതിയാണ് **ഹൃദ്യം**. ശിശുക്കൾക്കിടയിൽ ഉണ്ടാകുന്ന മരണത്തിന് പ്രധാനമായും കാരണം ജന്മനായുള്ള ഹൃദ്രോഗം ആയിരുന്നു. ഹൃദ്രോഗം കണ്ടെത്തി മികച്ച ചികിത്സയും പരിചരണവും ഉറപ്പാക്കുന്നതിനായാണ് "**ഹൃദ്യം**" എന്ന അഭിമാന പദ്ധതി നിലവിൽ വന്നത്. കേരളത്തിലുള്ള ഏതൊരു ജന്മനാ ഹൃദയ വൈകല്യമുള്ള കുഞ്ഞുങ്ങൾക്കും സേവനം ലഭിക്കുന്ന വിധത്തിൽ പൊതുജനങ്ങൾക്ക് രജിസ്റ്റർ ചെയ്യാവുന്ന ഒരു വെബ് സൈറ്റാണ് ഹൃദ്യം പദ്ധതിക്കുള്ളത്. ഈ പദ്ധതിയുടെ സേവനങ്ങൾ ലഭിക്കുന്നതിനായി www.hridyam.kerala.gov.in എന്ന ലിങ്കിലൂടെ രജിസ്റ്റർ ചെയ്യാവുന്നതാണ്.<br><br>ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ഡി. ഇ ഐ. സി. അഥവാ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രമാണ് ജില്ലയിൽ ഹൃദ്യം പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. എല്ലാ ഇടപെടലുകൾ നടത്തുന്നതും ജില്ലകളിൽ ഡി.ഇ.ഐ.സി വഴിയാണ്. ഹൃദ്യം വഴി എക്കോ, സിറ്റി, കാത്ത് ലാബ് പ്രൊസീജിയർ എം.ആർ.ഐ തുടങ്ങിയ അവശ്യ പരിശോധനകളും സർജറികൾ അല്ലെങ്കിൽ ഇന്റർവെൻഷനുകൾ തുടങ്ങിയവയും സൗജന്യമായി നടത്തിവരുന്നു. അവശ്യഘട്ടങ്ങളിൽ എംപാനൽ ചെയ്ത ആശുപത്രികളിലേക്ക് വെന്റിലേറ്റർ സൗകര്യം ഉള്ള ആംബുലൻസ് സേവനവും ലഭ്യമാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ എത്ര കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും എത്ര തുക സംസ്ഥാന സർക്കാർ ഇതേവരെ ഇതിനായി ചെലവാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) | ജില്ലകളിൽ നിന്നും ലഭ്യമായ കണക്ക് പ്രകാരം, ഹൃദ്യം പദ്ധതി ആവിഷ്കരിച്ചതു മുതൽ നാളിതു വരെ 6206 കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. ഹൃദ്യം പദ്ധതിക്കായി 2023 ജൂലൈ മാസം വരെ 57,11,75,161/- രൂപ ചികിത്സയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ